ശ്രീ. കെ. ഐ. വേലായുധൻ : നാലുനാഴികവരെ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : അതിൽ കൂടുതൽ ഉണ്ടെങ്കിൽ നിറുത്തുമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ആലോചിക്കാം.

റിസർവ് ക്യാമ്പുസ്ഥലം

* 140. [23] ശ്രീ. പി. എം. മാക്കോസ് : താഴെ കാണുന്ന ചോദ്യം ബഹു. ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയത്ത് കീഴുകുന്നിൽ റിസർവ് ക്യാമ്പിനുവേണ്ടി ഗവണ്മെൻറ് ഏറ്റെടുത്തിട്ടുള്ള സ്ഥലത്തു് എന്തെല്ലാം അനുഭവവൃക്ഷങ്ങൾ ഉണ്ടെന്നും, അവയിൽനിന്നും 1954–55-ൽ എന്തു വരുമാനം ഉണ്ടായിട്ടുണ്ടെന്നും പറയാമോ ;

(ബി) പ്രസ്തുത സ്ഥലത്തിൻറെ ആകെ വിസ്തീർണ്ണമെന്തു് ;

(സി) ടി സ്ഥലത്തുനിന്നും കുടി ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങൾ എത്രയെന്നും എന്തു പ്രതിഫലം കൊടുത്താണു് അവരെ അവിടെനിന്നും മാറ്റിയതെന്നും പറയാമോ ;

(ഡി) കുടി ഒഴിപ്പിക്കപ്പെട്ടവരിൽനിന്നും എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിവേദനത്തിൽ എന്താണു് ആവശ്യപ്പെട്ടിട്ടുള്ളതു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) തെങ്ങു 15, പ്ലാവു 4, മുളകൊടി 8, മാവു് 4. വരവു് 94 രൂപ 15 അണ.

(ബി) മൂന്നേക്കർ 78 സെൻറ്.

(സി) 25 കുടുംബക്കാർ. കുടിപാർപ്പിനു വേറെ സ്ഥലമില്ലാതിരുന്ന 24 കുടുംബങ്ങൾക്കു് ഒരേക്കർ 11.923 സെൻറ സ്ഥലം കുടികിടപ്പിനു് 12 കൊല്ലത്തേക്കു് കുത്തകപ്പാട്ടമായി അനുവദിച്ചുകൊടുത്തു.

(ഡി) ഉണ്ടു്. അവരെ പ്രതികളാക്കി ഫയൽ ചെയ്തിട്ടുള്ള എ. സി. കേസുകളിലെ പിഴയും, നിരോധനക്കരവും, കുടിശ്ശികയും ഇളവുചെയ്തുകൊടുക്കണമെന്നാണു് അവർ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതു്.

ശ്രീ. പി. എം. മാക്കോസ് : നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സംഗതികളെപ്പറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതാലോചിച്ചുകൊണ്ടിരിക്കയാണു്.

ടാറിട്ടനു റോഡുകൾ

* 141. [24] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാറിട്ടനതിനു് റോഡുകൾ തിരഞ്ഞെടുക്കുന്നതു് എന്തു മാനദണ്ഡം വച്ചുകൊണ്ടാണു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആളുകൾ അധികമായി തിങ്ങിപ്പാർക്കുന്ന ടൌണുകളിൽ ഉള്ള റോഡുകൾ മുഴുവൻ ടാറിടുന്നതിനു് ഗവണ്മെൻറ് ശ്രദ്ധിക്കുമോ ;

(സി) ഇപ്രകാരം ടൌണുകളിലെ റോഡുകൾ ടാറിടുമ്പോൾ മുനിസിപ്പാലിറ്റികൾ കോൺട്രിബ്യൂഷൻ നൽകണമെന്നു് ഇപ്പോൾ വച്ചിരിക്കുന്ന വ്യവസ്ഥ മാറ്റുവാൻ ഗവണ്മെൻറിനു് ഭയമുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ : (എ) ഗതാഗതബാഹുല്യത്തെ അടിസ്ഥാനപ്പെടുത്തിയാണു്.

(ബി) ശ്രദ്ധിക്കാം.

(സി) ഈ വ്യവസ്ഥ മാറ്റുവാൻ ഗവണ്മെൻറ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഗ്ലൂക്കോസ് ഫാക്ടറി

* 142. [25] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്ധ്യതിരുവിതാംകൂറിൽ മരച്ചീനി സ്റ്റാർച്ചിൽനിന്നു് ഗ്ലൂക്കോസ് ഉണ്ടാക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിച്ചു വേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മദ്ധ്യതിരുവിതാംകൂറിൽ മരച്ചീനി സ്റ്റാർച്ചിൽനിന്നു് ഗ്ലൂക്കോസ് ഉണ്ടാക്കുന്നതിനുള്ള ഒരു ഫാക്ടറി സ്ഥാപിക്കുന്നതിനു് ഗവണ്മെൻറ് ആഗ്രഹിക്കുന്നുണ്ടു്. എന്നാൽ അതിനെപ്പറ്റിയുള്ള ആലോചനകൾ നടത്തിയിട്ടുള്ളതു് ഒരു വിദേശകമ്പനിയുമായിട്ടാണു്. അങ്ങിനെ ഒരു വിദേശകമ്പനിക്കു് അനുവാദം കൊടുക്കരുതെന്നു് പല ആക്ഷേപങ്ങളും അയച്ചിട്ടുള്ളതായി ഡൽഹിയിൽ പോയപ്പോൾ അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : ആരാണു് ആക്ഷേപം അയച്ചിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പല കേന്ദ്രങ്ങളിൽനിന്നും ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : മദ്ധ്യതിരുവിതാംകൂറിൽ ഏതിടത്തെയാണു് ഇതു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവല്ലായിൽ.

ശ്രീ. പ്രാക്കുളം ഭാസി : ഒരു പാർലമെൻറ് മെമ്പർക്കു് ഈ വ്യവസായം നടത്തുന്നതിനാണു് ഇങ്ങനെ പരാതികൾ അയച്ചിട്ടുള്ളതെന്നു് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയല്ല മനസ്സിലാക്കിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly